"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ധനവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.സനീർ എം.എസ്. - നെ സംസ്ഥാന മിഷനിൽ ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1952/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/10/2020

---

പരാമർശം:- 1 സർക്കുലർ നം.42/2013/ധന തീയതി 10.05.2013

2 സ.ഉ.(പി)നം.580/2013/ധന തീയതി 28.11.2013

3 സ.ഉ.(കൈ)നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019

4 സ.ഉ.(സാധാ)നം.1446/2020/ത.സ്വ.ഭ.വ തീയതി 04.08.2020

5 ധനകാര്യ വകുപ്പിന്റെ 08.09.2020-ലെ നം.1533765/ഭരണം എ 2/186/2020-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫിസർ (ഫിനാൻഷ്യൽ മാനേജ്മന്റ്) തസ്തിക ഫിനാൻസ് മാനേജർ-കം-അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ എന്ന് ഭേദഗതി വരുത്തിയും ശമ്പള സ്കെയിൽ 36600-79200 ആയി നിജപ്പെടുത്തിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ധനവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.അരുൺ കുമാർ.ആർ-നെ പരാമർശം (4) ഉത്തരവ് പ്രകാരം ടി തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുകയുണ്ടായി. എന്നാൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ നിലവിൽ സെക്ഷൻ ഓഫീസറായ ടിയാനെ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് കൈമാറ്റവുമായി ബന്ധപ്പെട്ട ആദ്യ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമായി ബന്ധപ്പെട്ട ജോലികൾക്കായി ടി സെക്ഷനിൽ തന്നെ നിലനിർത്തണമെന്ന് ധനകമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ടിയാന് പകരം ധനവകുപ്പിലെ സെക്ഷൻ ഓഫിസറായ ശ്രീ.സനീർ എം.എസ്-നെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം ധനകാര്യ വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം(4) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ നിലവിലുള്ള ഫിനാൻസ് മാനേജർ-കം- അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിലേക്ക് ധനവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.സനീർ എം.എസ്-നെ പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കെ.എസ്.ആർ-ലെ ചട്ടം 140(സി)-യിലെ വ്യവസ്ഥയും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും

വിധേയമായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
**അണ്ടർ സെക്രട്ടറി**

പകർപ്പ്:മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ധനകാര്യ വകുപ്പ്

ശ്രീ.സനീർ എം.എസ്., സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്

ശ്രീ.അരുൺ കുമാർ.ആർ, സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.10.10 15:02:44 IST
Reason: Approved
സെക്ഷൻ ഓഫീസർ